**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2927** **07.11.2019-ൽ മറുപടിക്ക്**

## കെ.എസ്.റ്റി.പി.യുടെ റോഡ് നിർമ്മാണ പ്രവൃത്തികൾ

**ചോദ്യം**

**ശ്രീ.പി.കെ. ശശി**

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഈ പ്രവർത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും ലഭ്യമാക്കാമോ?

**മറുപടി**

**ശ്രീ.ജി.സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

ലോകബാങ്കിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്സ്.ടി.പി. രണ്ടാം ഘട്ട പദ്ധതിക്കായി 10 പാക്കേജുകളും കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള മാതൃക റോഡ് സുരക്ഷ ഇടനാഴിപദ്ധതിയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പദ്ധതിയിൽ ഉൾപ്പെട്ട റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2018 ജൂലൈ - ആഗസ്റ്റ് മാസങ്ങളിലെ പ്രളയം നിമിത്തം തകർന്ന കേരളത്തിലെ റോഡുകളുടെ പുനർ നിർമ്മാണത്തിനായി റീബിൽഡ് കേരള ഇനിഷിയേറ്റീവിന്റെ ഭാഗമായി 819 കി.മീ വരുന്ന റോഡുകൾ ആദ്യഘട്ടമായി പുനർനിർമ്മിക്കുന്നതിന് 13/08/2019-ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നം. 25/2019/ആ.സാ.വ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള റോഡുകൾ, പ്രകൃതിദുരന്തത്തിൽ അതിജീവനക്ഷമത കൈവരിക്കുന്നതിനാവശ്യമായ സാങ്കേതിക ശുപാർശകൾ അടങ്ങിയ വിശദമായ പദ്ധതിരൂപരേഖ തയ്യാറാക്കുന്നതിനായി കൺസൾട്ടന്റുമായി 2019 ഒക്ടോബറിൽ കരാർ ഒപ്പുവെച്ചു. റോഡുകളുടെ വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ

| ക്രമ നം. | പദ്ധതിയുടെ പേര് | ദൈർഘ്യം (കി.മീ) | കരാർ തുക (കോടി) | നിലവിലെ പുരോഗതി |
|---|---|---|---|---|
| 1 | തലശ്ശേരി - കളറോഡ് | 28.80 | 156.34 | 58.75% പണികൾ പൂർത്തീകരിച്ചു |
| 2 | കളറോഡ് - വളവുപാറ റോഡ് | 25.2 | 209.68 | 80% പണികൾ പൂർത്തീകരിച്ചു |
| 3 | തിരുവല്ല ബൈപ്പാസ് (ബാക്കി പ്രവൃത്തികൾ) | 2.3 | 37.04 | 22.7% പണികൾ പൂർത്തീകരിച്ചു |
| 4 | തിരുവല്ല ടൗൺ | 1.9 | 7.77 | 23.8% പണികൾ പൂർത്തീകരിച്ചു |
| 5 | മാതൃക സുരക്ഷാ ഇടനാഴി - കഴക്കൂട്ടം മുതൽ അടൂർ വരെ | 82 | 146.63 | 73.50% പണികൾ പൂർത്തീകരിച്ചു |

## നിലവിൽ ഏറ്റെടുത്ത പ്രവൃത്തികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ദൈർഘ്യം (കി.മീ) | കരാർ തുക (കോടി) | നിലവിലെ പുരോഗതി |
|---|---|---|---|---|
| 1 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് 8 എ – പുനലൂർ മുതൽ കോന്നി വരെ | 29.84 | 226.61 | ടെൻഡർ മൂല്യ നിർണ്ണയം പൂർത്തീകരിച്ചു കരാർ നൽകുന്നതിനുള്ള അവലോകനം നടന്നുവരുന്നു. |
| 2 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് 8 ബി – കോന്നി മുതൽ പ്ലാച്ചേരി വരെ | 30.16 | 279 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു. |
| 3 | പുനലൂർ മുതൽ പൊൻകുന്നം വരെ റോഡ് പുനരുദ്ധാരണം - പാക്കേജ് 8 സി – പ്ലാച്ചേരി മുതൽ പൊൻകുന്നം വരെ | 22.17 | 248.62 | കരാറിൽ ഏർപ്പെട്ട് പ്രവൃത്തികൾ ആരംഭിച്ചു. |
| 4 | അടൂർ - ചെങ്ങന്നൂർ റോഡ് | 21.23 | 93.59 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യ നിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 5 | പൈനാവ് - തണ്ണിക്കണ്ടം - അശോകകവല റോഡ് | 21 | 86.82 (എസ്റ്റിമേറ്റ് തുക) | ദർഘാസുകളുടെ മൂല്യ നിർണ്ണയം പൂർത്തിയായി. കരാറിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | | |
|---|---|---|---|---|
| 6 | ചെമ്മണ്ണാർ ഗ്യാപ് റോഡ് | 19.45 | 127.55 (എസ്റ്റിമേറ്റ് തുക) | റീ-ടെൻഡർ ചെയ്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ